## 2016-17 വർഷം ജില്ലാടിസ്ഥാനത്തിൽ പുതുതായി ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കണക്കാക്കിയ റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം

| നം. | ജില്ല | ഹൈസ്കൂൾ | ഹയർ സെക്കണ്ടറി സ്കൂൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 12 |
| 2 | കൊല്ലം | 2 | 12 |
| 3 | പത്തനംതിട്ട | 0 | 5 |
| 4 | ആലപ്പുഴ | 0 | 10 |
| 5 | കോട്ടയം | 1 | 12 |
| 6 | ഇടുക്കി | 0 | 5 |
| 7 | എറണാകുളം | 3 | 12 |
| 8 | തൃശ്ശൂർ | 0 | 12 |
| 9 | പാലക്കാട് | 4 | 11 |
| 10 | മലപ്പുറം | 1 | 12 |
| 11 | വയനാട് | 2 | 5 |
| 12 | കോഴിക്കോട് | 0 | 12 |
| 13 | കണ്ണൂർ | 1 | 10 |
| 14 | കാസറഗോഡ് | 2 | 10 |
| | **ആകെ** | **22** | **140** |

## നിർദ്ദേശങ്ങൾ

1. റിസോഴ്സ് അദ്ധ്യാപക നിയമനം പൂർണമായും കരാർ അടിസ്ഥാനത്തിലായിരിക്കും. ആകയാൽ പുനർനിയമനം ആവശ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
2. ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം അപേക്ഷകൾ അയക്കാൻ പാടുള്ളതല്ല. എന്നാൽ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കായി പ്രത്യേകം-പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
3. ഹൈസ്കൂളുകളിലേയ്ക്കുള്ള അദ്ധ്യാപകർക്ക് സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ്.; അല്ലെങ്കിൽ ജനറൽ ബി.എഡിനോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേഷനിൽ 2-വർഷ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. ഹയർ സെക്കണ്ടറികളിലേയ്ക്ക് ബിരുദാനന്തര ബിരുദവും സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ്.; അല്ലെങ്കിൽ ബിരുദാനന്തര ബിരുദവും ജനറൽ ബി.എഡിനോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേഷനിൽ 2-വർഷ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. ജനറൽ ബി.എഡ്. യോഗ്യത മാത്രമുള്ളതോ, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ മാത്രമുള്ളതോ ആയ ഉദ്യോഗാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല. **അപേക്ഷിക്കുന്ന സമയത്ത് പൂർണ്ണ യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.**

4. വിദഗ്ദ്ധസമിതി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്.
5. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖലയിൽ അദ്ധ്യാപന പരിചയമുണ്ടെങ്കിൽ സ്ഥാപന മേലധികാരിയിൽ നിന്നുള്ള 'Experience Certificate' സമർപ്പിക്കേണ്ടതാണ്.
7. അപേക്ഷകർ വൈകല്യമുള്ള കുട്ടിയുടെ മാതാപിതാക്കളാണെങ്കിൽ, കുട്ടിയുടെ വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. അപേക്ഷ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് **'APPLICATION FOR THE POST OF RESOURCE TEACHER IN HIGH SCHOOL (OR) HIGHER SECONDARY SCHOOL UNDER IEDSS - DPI 2016-17'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
9. അപേക്ഷകൾ **2016 ജൂലൈ 19 നു വൈകുന്നേരം 5 മണിക്കു മുമ്പായി** പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-695014 (The Director of Public Instruction, Office of the DPI, Jagathy, Thiruvananthapuram-695014) എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
10. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
11. **അപേക്ഷകൾ ഒരു കാരണവശാലും IED സെല്ലിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.**
12. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിനോടൊപ്പം നിർദ്ദിഷ്ട യോഗ്യതാ സർട്ടിഫിക്കറ്റ് / പ്രൊവിഷണൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ) ഹാജരാക്കേണ്ടതാണ്.
13. കേരളത്തിനു വെളിയിൽ നിന്നും സ്പെഷ്യൽ എഡ്യുക്കേഷനിൽ B.Ed./Diploma നേടിയവർ RCI യിൽ നിന്നും, ജനറൽ B.Ed. നേടിയവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുമുള്ള ഈക്വിലൻസി സർട്ടിഫിക്കറ്റ് ഇന്റർവ്യൂ വേളയിൽ സമർപ്പിക്കേണ്ടതാണ്.
14. ഉദ്യോഗാർത്ഥിയുടെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.
15. **അപേക്ഷകർ ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കാവൂ.**
16. നിയമനം ലഭിക്കുന്നവർ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് അനുവദിക്കുന്ന, റവന്യൂ ജില്ലയിലെ ഏത് സ്കൂളിലും/സ്കൂളുകളിലും ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കണം.
17. നിയമനം ലഭിക്കുന്ന റിസോഴ്സ് അദ്ധ്യാപകർ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചുകൊള്ളാമെന്ന ഉടമ്പടി നൽകേണ്ടതാണ്.
18. **നിലവിൽ ഹൈസ്കൂളുകളിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറികളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇതിനായി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ** നൽകുന്ന എൻ.ഒ.സി.(നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
19. **റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം ജില്ലാടിസ്ഥാനത്തിൽ ആയിരിക്കും.**

-----------------------------------------------------